അദ്ധ്യായം ഒന്ന്

# കേരളത്തിലെ ആദിവാസികൾ

## സാമാന്യാവലോകനം

## ഗോത്രവർഗ്ഗ സവിശേഷതകൾ

1.1 ആദിവാസികൾ എന്ന പദത്തിനു പൂർണ്ണവും നിഷ്കൃഷ്ടവും എല്ലാവരാലും അംഗീകരിക്കപ്പെട്ടതുമായ ഒരു നിർവ്വചനം ഇതുവരെ ഉണ്ടായിട്ടില്ല. പ്രാചീനമനുഷ്യന്റെ ജീവിതരീതികളോടു സമാനത പുലർത്തി ആധുനികസംസ്കാരങ്ങളുടെ പൊതുധാരകളിൽ നിന്നുമകന്നു കഴിയുന്നവരെ പൊതുവായി ആദിവാസികൾ എന്നു പേരിട്ടു വിളിക്കാമെന്നു മാത്രം. സാമൂഹികവും സാംസ്കാരികവുമായ വികാസപരിണാമങ്ങളൊന്നും ഉൾക്കൊള്ളാനാവാതെ 'ചരിത്രത്തിന്റെ പിൻമുറ്റങ്ങളിൽ' തള്ളിപ്പോയ ഇത്തരം ആദിവാസിഗോത്രങ്ങൾ ലോകത്തിലെല്ലായിടത്തുമുണ്ട്. നാഗരികതയുടെ വെട്ടിപ്പിടുത്തങ്ങളെ അതിജീവിക്കാനാവാതെ ഈ ഗോത്രങ്ങൾ കാടും മലമടക്കുകളും മരുഭൂമികളും ആവാസസ്ഥലമാക്കി. അവിടെ അവർ സാംസ്കാരിക വളർച്ചയുടെ

ഒരു പ്രത്യേകവട്ടത്തിൽ നിലയുറപ്പിച്ചുപോന്നവർ. ആ വട്ടത്തിലെ സാമൂഹിക പരിതഃസ്ഥിതികളിലാണ് ഇന്നും അവർ ജീവിതം തുടരുന്നത്.

1.2 അതേസമയം, 'പാരമ്പര്യത്തിന്റെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ സ്വന്തം ജീവിതശൈലിയുടെ വികാസം കാലാകാലങ്ങളിലായി അവർ സാധിച്ചെടുത്തിരുന്നു. പുറത്തുനിന്നുള്ളവരുടെ ഇടപെടലുകൾ അവർക്ക് എന്നും അസഹ്യമായിരുന്നു. അതിനെതിരെ ശക്തമായി അവർ പ്രതികരിക്കുകയും ചെയ്തിരുന്നു.'[1] ഇതു ഗോത്രവർഗ്ഗങ്ങളുടെ ഒരു പൊതുസ്വഭാവമാണ്.

1.3 ഗോത്രവർഗ്ഗത്തിന്റെ സവിശേഷതകൾ നരവംശശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ബുദ്ധദേവ് ചൗധരി ഇങ്ങനെ തിരിക്കുന്നു.[2]

- സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരകളിൽ നിന്നുമകന്നുള്ള പ്രത്യേക സ്ഥലങ്ങളിൽ വാസം.
- ചെറിയ ചെറിയ സംഘങ്ങൾ.
- സ്വന്തമായ ഭാഷ.
- സാമൂഹ്യമായ ഐകരൂപ്യം.
- ചൈതൃക-പാരമ്പര്യങ്ങളിലെ ഏകാത്മകത.
- തനതായ ആചാരങ്ങൾ.

ഇതോടൊപ്പം നിരക്ഷരതയും സ്ഥിരവാസമില്ലായ്മയും ഇവരുടെ നൈസർഗ്ഗികഭാവമാണെന്നു കാണാം.

1.4 ഇതേ അഭിപ്രായം തന്നെയാണ് ഇക്കാര്യത്തിൽ സ്റ്റീഫൻ ഫക്സിനുമുള്ളത്. താഴ്ന്ന സാങ്കേതിക പരിജ്ഞാനത്തോടുകൂടിയവരും, ഒരു പ്രത്യേകപ്രദേശത്തു ജീവിച്ചു പൊതുവായ ഭാഷയും, തനതായ സാംസ്കാരിക പാരമ്പര്യത്തിലടിയുറച്ച സാമൂഹ്യഘടനയും കൈക്കൊള്ളുന്നവരുമാണു ഗോത്രവർഗ്ഗക്കാർ എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളത്.[3]

1.5 ആദിവാസിസംസ്കാരംതൊട്ട് അത്യാധുനിക നാഗരിക സംസ്കാരംവരെ ഉൾക്കൊള്ളുന്ന ഒരു മഹാരാഷ്ട്രമാണ് ഇന്ത്യ. ബാഹ്യപ്രകൃതിയുടെയും സംസ്കാരത്തിന്റെയും കാര്യത്തിൽ അങ്ങേയറ്റത്തെ വൈവിദ്ധ്യം പുലർത്തിപ്പോരുന്ന ഒട്ടേറെ ആദിവാസിഗോത്രങ്ങൾ ഇന്ത്യയിലുണ്ട്. ഇന്ത്യയുടെ വടക്കെയറ്റം മുതൽ തെക്കെയറ്റം വരെയും കിഴക്കെയറ്റം മുതൽ പടിഞ്ഞാറെയറ്റം വരെയുമുള്ള ഭൂപ്രദേശങ്ങളിൽ അവിടവിടെയായി ചിന്നിച്ചിതറി ബാഹ്യലോകത്തിനു മുഖം കൊടുക്കാതെ ഇവർ ജീവിച്ചുവരുന്നു. അതുകൊണ്ടുതന്നെ ഇവരെ പൂർണ്ണമായും കണ്ടെത്താനൊ പഠിക്കുവാനൊ കഴിഞ്ഞിട്ടില്ല.

## ഇന്ത്യയിലെ ആദിവാസിമേഖലകൾ

1.6 ഇന്ത്യയിലുള്ള ആദിവാസിഗോത്രങ്ങളെ അവരുടെ വാസസ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ നാലായി തിരിക്കാം.[4]

1. മദ്ധ്യമേഖല (വിന്ധ്യാശതപുര മലനിരകൾ)
2. പടിഞ്ഞാറൻ മദ്ധ്യമേഖല (മഹാരാഷ്ട്രം, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലുള്ള ഗിരിപ്രദേശങ്ങൾ)
3. വടക്കുകിഴക്കൻ മേഖല (മണിപ്പൂർ, ത്രിപുര, ആസ്സാം, ബംഗാൾ

എന്നിവിടങ്ങളിലെ പർവ്വതപ്രദേശങ്ങൾ, ബീഹാർ, ഒറീസ്സ)

4. ദക്ഷിണമേഖല (പശ്ചിമഘട്ടവും പൂർവ്വഘട്ടവും)

ഭരണഘടനയിലെ 342-ാം വകുപ്പു പ്രകാരം മേൽപ്പറഞ്ഞ നാലു മേഖലകളിലായി 212 വർഗ്ഗക്കാരെയാണ് ആദിവാസികളായി (പട്ടികഗോത്രക്കാരായി) തരം തിരിച്ചിട്ടുള്ളത്.[5]

1.7 മംഗളോയ്ഡ്സ് (Mangalloyds) നെഗ്രിറ്റോ (Negritto) മെഡിറ്ററേനിയൻ (Meditaranian) നോർഡിക് (Nordic) ആസ്ട്രലോയ്ഡ്സ് (Astralloyds) ബ്രാക്കിസെഫാലിക് (Brachycephalic) എന്നിങ്ങനെ ഇന്ത്യയിലെ ആറു നരവർഗ്ഗങ്ങളെക്കുറിച്ചു നരവർഗ്ഗശാസ്ത്രജ്ഞനായ ബി. എസ്. ഗുഹ (ബിരിജാ ശങ്കർ ഗുഹ) വ്യവച്ഛേദിച്ചു നിർണ്ണയിച്ചിട്ടുണ്ട്.[6] ഇതിൽ ദ്രാവിഡവിഭാഗത്തിലും (മെഡിറ്ററേനിയൻ) ആസ്ട്രലോയ്ഡ്സിലും മംഗ്ളോയ്ഡ്സിലും പെട്ടവരാണ് ഇന്ത്യയിലെ ആദിവാസികളിൽ അധികം പേരും.[7] വളരെക്കുറഞ്ഞ ഒരനുപാതത്തിൽ നെഗ്രിറ്റോ വംശജരെയും ഇന്ത്യയിൽ കാണുന്നുണ്ട്.[8]

1.8 വടക്കുകിഴക്കൻ മേഖലയിലുള്ള നാഗൻമാർ, കുക്കികൾ, ലുഷായികൾ, ഗുറുംഗുകൾ, ഖാസികൾ, മികിറുകൾ എന്നിവർ മംഗ്ളോയ്ഡ്സ് വിഭാഗത്തിൽപ്പെടുന്നു. ഉയരക്കുറവും, ചെറിയ മുഖവും, ഊത നിറവും ഈ കൂട്ടരുടെ ലക്ഷണങ്ങളാണ്. ഇതേ മേഖലയിൽത്തന്നെയുള്ള ഒറാവോൺ, സന്താൾ എന്നീ ഗോത്രവിഭാഗങ്ങൾ ആസ്ട്രലോയ്ഡ്സ് വിഭാഗത്തിലും പെടുന്നു.

1.9 മദ്ധ്യമേഖലയിലെ പ്രധാനവർഗ്ഗം ഗോണ്ടുകളാണ്. പടി

ഞ്ഞാറൻ മദ്ധ്യമേഖലയിൽ ഗോണ്ടുകളോടൊപ്പം ഭീലുകൾ, കോലികൾ എന്നിവരെയും കണ്ടുവരുന്നു.

## കേരളത്തിലെ ആദിവാസികൾ

1.10 പശ്ചിമഘട്ടവും പൂർവ്വഘട്ടവുമാണു ദക്ഷിണമേഖലയിലെ പ്രധാന ആദിവാസി അധിവാസകേന്ദ്രങ്ങൾ. കേരളം ഈ മേഖലയിലാണുള്ളത്. ചരിത്രാതീതകാലം മുതൽക്കേ ഈ മേഖലയിൽ ജീവിച്ചുവന്നിരുന്ന വർഗ്ഗങ്ങളെക്കുറിച്ചു വസ്തുനിഷ്ഠമായ രേഖകൾ ഒന്നും തന്നെയില്ല. ഇതിഹാസ-പുരാണങ്ങളുടെ അടിസ്ഥാനത്തിൽ ചില വിശ്വാസങ്ങളും നിഗമനങ്ങളും വാമൊഴിവഴക്കങ്ങളായി നിലവിലുണ്ടെന്നുമാത്രം.

> 1.11 'ഭാഗവതപുരാണത്തിൽ നിഷാദർ എന്നൊരു വർഗ്ഗത്തെക്കുറിച്ചു വിസ്തരിക്കുന്നുണ്ട്. കാക്കയെപ്പോലെ കറുത്തവരും ദൈർഘ്യം കുറഞ്ഞ കരങ്ങളുള്ളവരുമാണ് നിഷാദർ. ഉയർന്ന താടിയെല്ലും പതിഞ്ഞമൂക്കും ചുവന്നകണ്ണുകളും ചെമ്പിച്ച മുടിയും ഇവരുടെ ലക്ഷണങ്ങളാണ്. ആനമലയിലും പരിസരത്തുമുള്ള ഗോത്രവർഗ്ഗങ്ങൾക്കും ഇതേ ലക്ഷണം തന്നെയാണുള്ളത്. അതിനാൽ, ആദിദ്രാവിഡരും നിഷാദരും ഒന്നാണെന്നു വരുന്നു. ഗവേഷകനായ ചന്ദ്രയുടെ അഭിപ്രായത്തിൽ ഇവിടുത്തെ വനവാസികൾ പ്രതിനിധീഭവിക്കുന്നത് ആ പഴയ നിഷാദന്മാരെത്തന്നെയാണ്.'[9]

## പുരാവൃത്തങ്ങൾ

1.12 ഓരോ വർഗ്ഗത്തിനും തങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ച് അവരവരുടേതായ വിശ്വാസങ്ങളുണ്ട്. ഈ വിശ്വാസങ്ങൾക്ക് ഉപോദ്ബലകമായി വസ്തുനിഷ്ഠമായ തെളിവുകളുണ്ടാവുകയില്ല. 'പ്രകൃത്യതീതമായ ചില സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി തങ്ങളുടെ വർഗ്ഗോൽപ്പത്തിയെക്കുറിച്ചുള്ള പുരാവൃത്തങ്ങൾ മെനഞ്ഞെടുക്കുന്നത് ആദിവാസികളുടെ സാമാന്യസ്വഭാവമാണ്. പുരാണേതിഹാസകഥാപാത്രങ്ങളുമായും അവർ വർഗ്ഗബന്ധം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതായി കാണാം.[10]

## സ്ഥിതിവിവരക്കണക്കുകൾ

1.13 ആദിവാസിഗോത്രങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വസ്തുനിഷ്ഠമല്ല. ഇന്ത്യാവിഭജനത്തിനു മുമ്പുള്ള ഏഴു ദശവർഷങ്ങളിലെ ജനസംഖ്യാനിർണ്ണയത്തിൽ വന്ന വൈരുദ്ധ്യം ഇതിനുള്ള ഒരു തെളിവാണ് (ടേബിൾ.1). സ്ഥിരവാസമില്ലായ്മയാണ് ഈ അവസ്ഥയ്ക്കു പ്രധാനമായും കാരണമാകുന്നത്.

ആദിവാസിസമൂഹത്തിൻെറ കൃത്യമായ കണക്കുകൾ രേഖപ്പെടുത്താനുള്ള ബുദ്ധിമുട്ടിലേയ്ക്ക് കിംഗ്സ്‌ലി ഡേവിസ് വിരൽ ചൂണ്ടുന്നുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ നിരത്തിക്കൊണ്ട് 'ഇന്ത്യയിലെ ജനസംഖ്യാനിർണ്ണയത്തിൽ ഏറ്റവും കൃത്യതയില്ലാത്ത കണക്കുകൾ ആദിവാസികളുടേതാണ്'[11] എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

| ആദിവാസി ജനസംഖ്യ - ഇന്ത്യ | | |
|---|---|---|
| വർഷം | ആദിവാസി ജനസംഖ്യ (in 000's) | ശതമാനം |
| 1881 | 6,427 | 2.57 |
| 1891 | 9,112 | 3.26 |
| 1901 | 8,185 | 2.88 |
| 1911 | 9,594 | 3.17 |
| 1921 | 9,072 | 2.97 |
| 1931 | 7,630 | 2.26 |
| 1941 | 8,775 | 2.26 |

ടേബിൾ - 1

1.14 സെൻസസ് ഓഫ് ഇന്ത്യയുടെ ഒരു രേഖപ്രകാരം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിലാകെ 220 ആദിവാസിവർഗ്ഗങ്ങളാണുള്ളത്. തുടർന്നുള്ള ദശവർഷങ്ങളിലെ സെൻസസ് പരിശോധിച്ചാൽ അതെല്ലാം തെറ്റായ വിവരങ്ങളാണെന്നു ബോദ്ധ്യമാകും (ടേബിൾ.2).

| ഇന്ത്യയിലെ ആദിവാസി വർഗ്ഗങ്ങൾ | |
|---|---|
| വർഷം | എണ്ണം |
| 1901 | 220 |
| 1911 | 366 |
| 1921 | 230 |
| 1931 | 916 |

ടേബിൾ - 2

1.15 ആദിവാസികളുടെ സ്ഥിതിവിവരക്കണക്കിന്റെ കാര്യത്തിൽ കേരളത്തിന്റെ നില പൊതുവെ ആശാസ്യമാണ്. നേരത്തെതന്നെ സ്ഥിതിവിവരസമ്പ്രദായം തുടങ്ങിവച്ച കേരളത്തിലെ ആദിവാസികളെക്കുറിച്ചു കൃത്യമായ വിവരങ്ങൾ കിട്ടിയിട്ടുണ്ട്. 1961-ലെ സെൻസസ് മുതലുള്ള ജനസംഖ്യാനിർണ്ണയങ്ങളൊക്കെ സമഗ്രമായിരുന്നിട്ടുണ്ട്.

## വർഗ്ഗഘടന

1.16 ബിരിജാശങ്കർ ഗുഹയുടെ നിഗമനപ്രകാരം കേരളത്തിലെ ആദിവാസിഗോത്രങ്ങളെ പ്രധാനമായി നെഗ്രിറ്റോ, പ്രോട്ടോ-ആസ്ട്രലോയ്ഡ്സ് എന്നീ രണ്ടു വർഗ്ഗമായി വിഭജിക്കാം. ഇതിൽ നെഗ്രിറ്റോ ന്യൂനപക്ഷമാണ്. കാടന്മാരും മലപ്പുലയന്മാരുമാണ് നെഗ്രിറ്റോ വർഗ്ഗത്തിന്റെ ലക്ഷണമുള്ളവർ.[12] ഇതേ വർഗ്ഗത്തിന്റെ ലക്ഷണങ്ങൾ തന്നെയാണു വയനാട്ടിലെ ഇരുളർക്കുമുള്ളത്.[13] ഡോ. ജെ.എച്ച്. ഹട്ടനും ഈ കാര്യത്തിൽ ഇതേ വീക്ഷണം തന്നെയാണുള്ളത്.[14] അതേസമയം, പൂർണ്ണമായ ലക്ഷണങ്ങളോടു കൂടിയ നെഗ്രിറ്റോവംശജർ കേരളത്തിലില്ല. കൃഷ്ണയ്യരുടെയും ഡോ. ഹട്ടന്റെയും ഡോ. ഗുഹയുടെയും നിരീക്ഷണത്തിൽ നെഗ്രിറ്റോ ലക്ഷണങ്ങൾ കുറച്ചെങ്കിലും ബാക്കി നിൽക്കുന്നതു കാടർ, മലപ്പുലയർ, ഊരാളി, മലമ്പണ്ടാരം, കാണിക്കാർ, വിഷവർ തുടങ്ങിയവരിലാണ്.[15]

## സാമൂഹ്യപശ്ചാത്തലം

1.17 തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളുടെ സർവ്വേ നടത്തിയ ലെഫ്ടനന്റുമാരായ വാർഡ്, കോണർ എന്നിവരുടെ ചരിത്രവിവരണത്തിൽ (1816-1820) ആദിവാസികളെയും പരാമർശിക്കുന്നുണ്ട്.

ഈ വിഷയം പരാമർശിച്ചിട്ടുള്ള ഏറ്റവും പഴക്കമേറിയ ഗ്രന്ഥങ്ങളിൽ ഒന്നാണിത്.

'വനവാസികളാണെങ്കിലും ഉപദ്രവകാരികളല്ല. ഇവരുടെ ജനസംഖ്യാനിർണ്ണയം സാധ്യമല്ല. ആചാരങ്ങളുടെയും പെരുമാറ്റരീതികളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത ഗോത്രങ്ങളായി ജീവിക്കുന്നു. തമ്മിൽ നേരിയ ബന്ധം പുലർത്തിപ്പോരുന്ന ഗോത്രങ്ങൾ ജീവിതരീതികളിൽ പൊതുവെ സമാനത കാണിക്കുന്നു. സൂക്ഷ്മനിരീക്ഷണത്തിൽ വ്യത്യാസങ്ങൾ തിരിച്ചറിയാം. വിസ്തൃതമായ വനഭൂമി തങ്ങൾക്കു തോന്നിയതുപോലെ അവർ വിഭജിച്ചെടുക്കുന്നു. ഗോത്രങ്ങളായി ജീവിച്ചു വരുന്നുവെങ്കിലും അത്തരം ഒരു കൂട്ടായ്മക്കു വേണ്ടുന്ന മാനസികബന്ധങ്ങളും ഐക്യവുമൊന്നും ഇവർക്കിടയിലില്ല. ഓരോ ഗോത്രത്തിനും ഓരോ തലവനുണ്ടാകും. ഇവർ നാടുവാഴികളോടു കൂറുപുലർത്തുന്നവരാണ്. വനഭൂമിയിൽ അലഞ്ഞുനടന്ന് ഇരതേടിയാണ് ഉപജീവനം. വേട്ടയാടാറുമുണ്ട്. ഈറ്റവേലയിൽ സമർത്ഥരാണ്. കുടിയേറ്റ സ്വഭാവം രക്തത്തിൽ അലിഞ്ഞു കിടക്കുന്നു. മലമ്പനി ഇവരെ നിരന്തരമായി ശല്യപ്പെടുത്തുന്നു. അതു നിസ്സംഗമായി നിന്നു സഹിക്കാനെ ഇക്കൂട്ടർക്കു കഴിയുന്നുള്ളൂ. അസ്പഷ്ടമായ കുറെ ശബ്ദങ്ങൾ മാത്രമാണ് അവരുടെ ആശയവിനിമയോപാധി. ഒരാൾക്ക് ഒരു ഭാര്യ മാത്രമെ കാണു. ഉയർന്ന സദാചാരനിഷ്ഠ പാലിക്കാൻ അന്ധവിശ്വാസങ്ങൾ അവരെ നിർബന്ധിതരാക്കുന്നു. എല്ലാവർഗ്ഗ

തങ്ങളെയും സ്ത്രീകൾ പൊതുവെ ക്ലേശകരമായതും പകൽ മുഴുവൻ നീണ്ടുനിൽക്കുന്നതുമായ മുഷിപ്പൻ പണികളിൽ മുഴുകുന്നു.[16]

1.18 1883-ൽ പ്രസിദ്ധീകൃതമായ 'നേറ്റീവ് ലൈഫ് ഇൻ ട്രാവൻകൂർ' എന്ന ഗ്രന്ഥത്തിൽ സാമുവൽ മറ്റീറും ആദിവാസികളെക്കുറിച്ചു പറയുന്നുണ്ട്.

> 'ആദിവാസികളുടെ രീതികൾ പ്രാകൃതമാണ്. പരുക്കൻ സ്വഭാവമാണിവർക്കുള്ളത്. കാട്ടുപോത്തിന്റെയും കാളയുടെയും ഇറച്ചി കഴിക്കുകയില്ല. തേൻ ശേഖരിച്ചു മരക്കുമ്പങ്ങളിൽ സൂക്ഷിച്ചുവയ്ക്കുന്നു. സദാസമയവും പുകയില വലിക്കുകയും ചിലപ്പോൾ അതു തിന്നുകയും ചെയ്യുന്നു. ഈറ്റവേലയിൽ പ്രാവീണ്യമുള്ളവരാണ്. കടുവ, ആന, പന്നി മുതലായ കാട്ടുമൃഗങ്ങളുടെ ശല്യം കെണികൾ വച്ചും മറ്റു വിധേനയുമൊഴിവാക്കും. നാണയം കൈകാര്യം ചെയ്തിട്ടില്ലാത്തവരാണിവർ. പുറമെനിന്നു കാടു കയ്യേറാൻ വരുന്നവരെ ചെറുത്തുനിൽക്കാനിവർക്കു സാധിക്കുന്നില്ല. അതിനാൽ ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്കു വാസസ്ഥലം മാറ്റിക്കൊണ്ടിരിക്കുന്നു.'[17]

1.19 ഏകദേശം 1800-1900 കാലഘട്ടങ്ങളിലായി പ്രസിദ്ധീകരിച്ച ഈ രണ്ടു ഗ്രന്ഥങ്ങളിൽ നിന്നുകിട്ടുന്ന അറിവുകളെ ആദിവാസികളുടെ ഇന്നത്തെ ജീവിതസാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ അവർക്കുണ്ടായ ക്രമാനുഗതമായ

മാറ്റം ഗ്രഹിക്കാൻ കഴിയും.

1.20 താരതമ്യേന വലിപ്പമേറിയ ഈ ഉദ്ധരണികൾ പകർന്നു തരുന്ന അറിവിന്റെ വെളിച്ചത്തിൽ വർത്തമാനകാല സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ രണ്ടു ശതാബ്ദങ്ങൾകൊണ്ട് ആദിവാസികൾക്കുണ്ടായ പുരോഗതിയുടെയും പരിഷ്കാരത്തിന്റെയും തോത് ആശാവഹമല്ലെന്നു ബോധപ്പെടും.

1.21 ഗിരിവർഗ്ഗക്കാർ നാട്ടുകാരുമായി ബന്ധപ്പെടാൻ തുടങ്ങിയതുകൊണ്ടുണ്ടായ വ്യത്യാസം പ്രധാനമായും ഭൗതികമാണ്. ഗൃഹനിർമ്മാണത്തിലും വസ്ത്രധാരണത്തിലും ആദിവാസികൾ വളരെ മുന്നോട്ടു പോയിട്ടുണ്ട്. അസ്പഷ്ടമായ ശബ്ദവിശേഷങ്ങൾക്കു പകരം വ്യക്തമായ രീതിയിൽ ഭാഷാപ്രയോഗം നടത്താൻ അവർക്കു സാധിക്കുന്നുണ്ട്. പരമ്പരാഗത ചികിത്സകളോടൊപ്പം ആധുനിക ചികിത്സാസമ്പ്രദായത്തെയും അവർ സ്വീകരിക്കുന്നു. മരണനിരക്ക് ആദ്യകാലങ്ങളെ അപേക്ഷിച്ച് വളരെക്കുറഞ്ഞിട്ടുണ്ട്. കാർഷികവൃത്തി സ്വീകരിച്ചുവെന്നതാണ് ഈ കാലഘട്ടത്തിൽ ഇവർക്കിടയിൽ സംഭവിച്ച പ്രധാനമാറ്റം. കൈമാറ്റക്കച്ചവടവ്യവസ്ഥ (Barter System) വേണ്ടെന്നുവച്ച് നാണയം കൈകാര്യം ചെയ്യുന്ന രീതി സ്വീകരിച്ചതും എടുത്തു പറയാവുന്ന വളർച്ചയാണ്.

# കുറിപ്പുകൾ


1. Vidyarthi L.P. Harijans Today, Classic Publications, New Delhi, 1977, p.VI.

2. Buddhadeb Chowdhari (Ed.) Tribal Transformation of India vol.I, Inter-India Publications, New Delhi, 1992, (Preface).

3. Stephen Fuchs. The Aboriginal Tribes of India, Macmillan India Limited, Culcutta, 1982, p.26.

4. വി.വി.കോശം. വാല്യം. I, സാ.പ്ര.സ. കോട്ടയം, 1970, പു. 811.

5. അതേ പുസ്തകം, പു.811.

6. സർവ്വ വിജ്ഞാനകോശം, വാല്യം. III , സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക്, തിരുവനന്തപുരം, 1988, പു. 750.

7. വി.വി.കോ. വാല്യം.I, സാ.പ്ര.സ. കോട്ടയം, 1970, പു.811.

8. Guha B.S. ( Birija Shankar Guha) Racial Elements in the Population, Oxford Pamphlets on Indian Affairs. No.22 (Bombay: Oxford University press, 1944) p. 9.

9. Krishna Iyer L.A.. The Travancore Tribes and Castes vol.II. Trivandrum: Travancore Government Press, 1941, p.29.

10. Sahay K.N. Tribal Self Image and Identity, in Tribal Heritage in India, New Delhi, Vikas Publishing House (Pvt.) Ltd., 1977, p. 2-5.

11. Kingsly Davies. The Population of India and Pakistan. Princeton: Princeton University Press, 1951, p.188.

Table.1, Ibid. p. 189.

Table.2, Census of India, Ethnographic Notes, 1971, Series. 9, Kerala, Part V.8 (1), p.88.

12. Thomas P.T. A Travancore Tribe (Ph.D.Thesis), Maharaja Sayajirao University, Baroda, March, 1958, p.4.

13. Guha B.S. Racial Elements in the Population, Oxford Pamphlets on Indian affairs, No. 22, Oxford University Press, 1944, p. 9.

14. Hutton J.H. Castes In India, The University Press, Cambridge, 1946, p.7.

15. Krishna Iyer. L.A. The Travancore Tribes and Castes vol. III, Trivandrum : Travancore Government Press, 1941, p.47.

16. Ward and Conner. Memoir of the Survey of the Travancore and Cochin States (1816-1820), Selections from the records of Travancore, Herber Drury (Ed.), H.H.Rajah's Press, Trivandrum, 1860, p.137.

17. Samuel Mateer. Native Life in Travancore, W.H. Allen & Company, London, 1883, p.63.

•